പതിനാലാം കേരള നിയമസഭ

11-ാം സമ്മേളനം

07.06.2018-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1550

## നദികളിൽ നിന്നുള്ള മണൽവാരൽ നിരോധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മണൽ വാരൽ നിരോധനം മൂലം കേരളത്തിലെ നദികളിൽ മണൽ അടിഞ്ഞുകൂടി നീരൊഴുക്ക് ഇല്ലാതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) മണൽ വാരൽ നിരോധനം മൂലം കേരളത്തിലെ നദികളിൽ മണൽ അടിഞ്ഞുകൂടി നീരൊഴുക്ക് ഇല്ലാതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല ഓരോ നദിയിലും അടിയുന്ന മണലിന്റെ കണക്കെടുപ്പ് നടത്തുന്നതിന്റെ ഭാഗ മായി വിവിധ ജില്ലകളിലായി താഴെ പറയുന്ന 19 നദികളുടെ സാന്റ് ഓഡിറ്റ് നടത്തിയിട്ടുണ്ട് - നെയ്യാർ, കരമന, വാമനപുരം, കല്ലട & കളത്തുപ്പുഴ, ഇത്തിക്കര, പമ്പ, അച്ചൻകോവിൽ, മീനച്ചിൽ, പെരിയാർ, മൂവാറ്റുപുഴ ചാലക്കുടി, കരുവന്നൂർ, കടലുണ്ടി, ചാലിയാർ, കുറ്റിയാടി , അഞ്ചരക്കണ്ടി, വളപട്ടണം, കബനി, ചന്ദ്രഗിരി. |
| (ബി) പുഴയുടെ നാശത്തിന് പലപ്പോഴും കാരണമാകുന്ന മണ്ണൊലിപ്പും അതിന് കാരണമാകുന്ന വന നശീകരണവും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും തടയുന്നതിനും ഫല പ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കാതെ മണൽ വാരൽ മാത്രം നിയന്ത്രിക്കുന്നത് നീരൊഴുക്കുകൾക്ക് വിപരീത ഫലം ചെയ്യും എന്നത് സംബന്ധിച്ച് ആവശ്യമായ പഠനം നടത്തുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ; | (ബി) ഓരോ നദിയിലും അടിഞ്ഞുകൂടുന്ന മണലിന്റെയും അതിൽ നിന്നും ഖനനം ചെയ്യാൻ കഴിയുന്ന മണലിന്റെയും കണക്കെടുപ്പ് ഓരോ മൂന്നു വർഷത്തിലൊരിക്കൽ വീതം നടത്തി വരുന്നു ഇപ്രകാരം തയ്യാറാക്കുന്ന സാൻഡ് ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മണൽ വാരലിന് അനുമതി നൽകുന്നത്. എന്നാൽ ഇപ്രകാരം അനുമതി നൽകിയാൽ തന്നെയും പരിസ്ഥിതി വകുപ്പ് നൽകുന്ന പാരിസ്ഥിതി കാനുമതി ലഭിക്കാത്തതു മൂലം പല സ്ഥലങ്ങളിലും മണൽ വാരാൻ കഴിയാത്ത അവസ്ഥയുണ്ട്. |
| (സി) ചാലിയാർ പുഴയിൽ മണൽ വാരൽ നിരോധിച്ചിട്ടുണ്ടോ; ഈ പുഴയിലെ സാന്റ് ഓഡിറ്റ് ആരാണ് നടത്തുന്നത്; നിലവിൽ സാന്റ് ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) ചാലിയാർ പുഴയിൽ മണൽവാരൽ നിരോധിച്ചിട്ടുണ്ട്. Center for Social & Resource Development എന്ന സ്ഥാപനമാണ് ചാലിയാറിൽ സാൻഡ് ഓഡിറ്റ് നടത്തിയിട്ടുള്ളത്. MOU പ്രകാരം തന്നെ പ്രസ്തുത സ്ഥാപനം ഓഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളതും ഓഡിറ്റ് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്. സാൻഡ് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണൽ ഖനനം ചെയ്യുന്നതിനാവശ്യമായ പാരിസ്ഥിതി കാനു മതിക്കായി SEIAA-യ്ക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും ഇതു വരെയും അനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ